മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇങ്ങിനെ കൂടുതൽ നെല്ലെടുക്കുന്ന അവസ്ഥക്ക് ആകെയുള്ള റേഷനിൽ മറ്റ ധാന്യങ്ങളും കുറവുചെയ്ത് പകരം അരിയായിട്ട കൊടുക്കുവാൻ സാധിക്കുകയില്ലെ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻഡ്യയിൽ ഒരാൾക്ക് ഫുഡ് ഔൺസ്സ് അരിയാണ് കണക്കാക്കി വെച്ചിരിക്കുന്നത്. അതു മുഴുവനും അരിയായിട്ടതന്നെ കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ട് ഇവിടെ ഇപ്പോൾ ഫുഡ് ഔൺസ്സ് അരിയും ബാക്കി ഗോതമ്പുമാണ് കൊടുക്കുന്നത്. ആ പത്തു ഔൺസ്സിൽനിന്ന് മരു മണി അരിയെങ്കിലും കുറക്കാതെയിരിക്കുവാനാണ് ഈ നടപടിയെടുത്തിട്ടുള്ളത്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കുറയ്ക്കാതെയിരിക്കുവാനുള്ള നടപടികൾ എടുത്തിരിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ അതു കൂട്ടാൻ വല്ല തരവുമുണ്ടൊ ? എന്നാൽ കുറെക്കൂടി നന്നാണല്ലൊ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂട്ടുന്ന കാര്യത്തിൽ ഗവമ്മെണ്ടിന്ന് സന്തോഷമാണ്. പക്ഷെ ഒന്നു രണ്ടു മാസത്തേക്കു സാധിക്കുമൊ എന്നു സംശയമാണ്.

Mr. K. Balakrishna Menon *(Cheruthuruthi):* May I know what was the provocation for the Hon'ble Minister to have made a statement like this? Was it in other words a case where these inslitutions were violating the orders.

Mr. P. Govinda Menon *(Minister for Food and Education):* The provocation for me to make that statement is the provocation which is natural with every politician who is in charge of the administration, to make public a declaration of his policy.

Mr. K. Balakrishna Menon *(Cheruthuruthi):* Can we, therefore, take it that these institutions were not with-holding paddy before your statement?

Mr. P. Govinda Menon *(Minister for Food and Education):* Now, the standard adopted in dealing with these institutions was different.

മിസ്റ്റർ എം. കെ. തോമക്കുട്ടി: റേഷൻ കൂട്ടാമെന്നുള്ള നിശ്ചയത്തോടുകൂടിയായിരുന്നില്ലേ മണികണ്ഠനാൽത്തറയിലെ പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നത് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether the Government will be pleased in the interests of all to publish the names of institutions like the ones mentioned here from whom excess paddy has been taken up and when they are taken?

Mr. P. Govinda Menon *(Minister for Food & Education):* As at present advised, I do not think it is necessary.

Mr. K. Balakrisha Menon *(Cheruthuruthi):* You say that it is not necessary to publish the names. Are we to take it that it is a paying thing?

Mr. P. Govinda Menon *(Minister for Food and Education):* It is not a paying thing. In fact, the whole Food Department is a loss.

Mr. K. Balakrishna Menon *(Cheruthuruthi):* Sir, my question has not been understood in the proper light. My question was whether it is yielding better results.

Mr. P. Govinda Menon *(Minister for Food & Education):* We are getting more paddy.

Mr. K. Balakrishna Menon *(Cheruthuruthi):* You are getting better results.

Mr. P. Govinda Menon *(Minister for Food and Education):* Yes.

Mr. K. Balakrishna Menon *(Cheruthuruthi):* Will the Hon'ble Minister in as much as he now finds that it is yielding better results, I put it to him, be pleased to develop this new techinque hereafter of making *Althara* statements so that we may have better results.

Mr. P. Govinda Menon *(Minister for Food and Education):* It is not Althara statement which gave the paddy. It is the new rules that gave us the paddy.

AYURVEDIC HOSPITALS

22. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) which are the places at which Ayurvedic Hospitals were opened in 1120 and 1121 ;

(*b*) the number of midwives, nurses and servants appointed to each of these hospitals with their age and the place from which they hail ?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) No Ayurvedic Hospitals were opened in the years 1120 and 1121 but the vaidyasala at Pallipuram was converted into a minor Hospital with accommodation for 4 in-patients in the year 1121.

(*b*) Neither midwife nor nurse has been appointed to this hospital; but one attender and one scavenger have been appointed. They belong to Pallipuram Village and are now aged 25.

മിസ്റ്റർ കെ. എ. രാഘവൻ: അവിടെ Midwives നേയും Nurse നേയും അപ്പോയിൻറ ചെയ്യാത്തതു് എന്തുകൊണ്ടാണു് ?

റാവുബഹദൂർ ടി. കെ. നായർ: അവിടെ അവർ ആവശ്യമുണ്ടെന്നു തോന്നീട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അവരെ അവിടെ വളരെ അത്യാവശ്യമാണു്.

റാവുബഹദൂർ ടി. കെ. നായർ: ആ വൈദ്യശാലയിൽ ഫ ഫ ഫ ഒടുവിലാണു് ര ബെഡ്ഡു് കൊടുക്കുവാൻ തീച്ചയാക്കിയതു്. അതിനുതന്നെ അവിടെ സ്ഥലവും സൌകര്യവും ഉണ്ടായിട്ടല്ല. അതിനെപ്പറ്റി പരാതികളുണ്ടു്. വൈദ്യശാല ഒരു സ്ഥലത്തായി, ബെഡ്ഡു് വേറെയൊരു സ്ഥലത്തായി എന്നൊക്കെ ആക്ഷേപമുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ: വൈദ്യശാലയുടെ ഉള്ളിൽതന്നെയാണു് ബെഡുകളും ഇട്ടിരിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ആയിക്കൊള്ളട്ടെ. അതു വളരെ സൌകര്യമായിട്ടുള്ള ഒരു സ്ഥലമായിട്ടില്ലായെന്നുള്ളതു് തീച്ചയാണു്. ഈ വിവരം Visit ചെയ്തിട്ടുള്ള ആരും ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ആ സ്ഥാപനം നല്ല നിലയിലാക്കണമെന്നുണ്ടെങ്കിൽ ആദ്യമായിട്ടു് കെട്ടിടം മാറണം. അതല്ലെങ്കിൽ അവിടെ മിഡ്വൈഫിനേയും, നേഴ്സിനേയും കുറഞ്ഞവെച്ചിട്ടു കാര്യമില്ല. അതുകൊണ്ടു് ആ കാര്യത്തെപ്പറ്റി ആലോചിക്കാം. അല്ലാതെ ഈ നിലയിൽതന്നെ അവിടെ ഇനിയും ബെഡുകളും വർദ്ധിപ്പിച്ചതുകൊണ്ടുകാര്യമില്ല. ഇപ്പോഴത്തെ നിലയിൽ ര ബെഡുകളും കഴിഞ്ഞ കൊല്ലാവസാനത്തിലാണു് അനുവദിച്ചിട്ടുള്ളതു്. ഇപ്പോൾ ബെഡുകളും വർദ്ധിപ്പിക്കണമെന്നുള്ള നില വന്നിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: മിഡ്വൈഫ് എല്ലാ ആയുർവ്വേദ ആസ്പത്രികളിലുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ. നേഴ്സുണ്ടു്. മിഡ്വൈഫില്ല.

മിസ്റ്റർ ജോസു് കെ. വള്ളിസ്സു്: ഇപ്പോഴുള്ള ര ബെഡുകളിലും രോഗികളുണ്ടോ ?

Mr. M. O. Thomakutty *(Commerce and Industry)*: Is there any place in Cochin State where there is no necessity for mid-wives?

Rao Bahadur T. K. Nayar *(Minister for Public Health)*: In fact Government have realised the real necessity for mid-wives and we are having a comprehensive scheme. We have now as many as 75 mid-wives and the idea is to have one mid-wife for each Panchayat. The quostion here is whether in this particular Ayurvedic Viayasala Government could not appoint a mid-wife.

മിസ്റ്റർ പി. കെ. ഡീവർ: ആയുർവ്വേദ ആസ്പത്രിയിൽ പ്രസവിക്കാറായ സ്ത്രീകളെ പ്രസവത്തിന്നായി അഡ്മിറ്റ് ചെയ്യാറുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ലെന്നാണു് എന്റെ അറിവു്.

മിസ്റ്റർ പി. കെ. ഡീവർ: അതുകൊണ്ടാണൊ മിഡ്വൈഫിനെ നിയമിക്കാത്തതു്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ ജോസു് കെ. വള്ളിസ്സു്: എന്റെ ചോദ്യത്തിന്നു് മറുപടി പറഞ്ഞിട്ടില്ല. നാലുബെഡുകളുള്ളതിലും രോഗികളുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: ആദ്യം ഉണ്ടായിരുന്നുവെന്നും, പിന്നെ ഇല്ലെന്നുമാണു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ രാഘവന്റെ റിപ്പോർട്ടിൽനിന്നും കാണുന്നതു്. അന്നു ര ബെഡുകളിലും ആളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ സൌകര്യമില്ലാത്തതുകൊണ്ടു് ആളുകളില്ലെന്നാണു് അറിയുന്നതു്. അതിനുള്ള കാരണം അന്വേഷിച്ചതിൽ ഒരു സംശയത്തിനും ഇടയായിരുന്നില്ല. അതു് വരാൻ കുറച്ചു താമസം നേരിട്ടു. അതു് ഡിപ്പാർട്ടുമെണ്ടിന്റെ തെറ്റുതന്നെയാണു്. ആ തെറ്റു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ട ഉടനെതന്നെ വേണ്ട മരുന്നുകൾ ഉടനെ എത്തിച്ചുകൊടുത്തു. മേലാൽ അങ്ങിനെ വരാതിരിക്കുവാൻ വേണ്ടതായ താക്കീതും കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഔഷധങ്ങളില്ല; രോഗികളുമില്ല; എന്നാൽ ചികിത്സിക്കുവാൻപറ്റിയ വൈദ്യന്മാരുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: ഔഷധങ്ങളും ഉണ്ട്; വൈദ്യന്മാരുമുണ്ട്. രോഗികളില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: രോഗികളില്ലെന്ന് ഇവിടെ പറയുന്നതു കേട്ടവല്ലോ.

റാവുബഹദൂർ ടി. കെ. നായർ: രോഗികളില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. ഈ കൌൺസിൽകഴിഞ്ഞാൽ ഉടനെ അതിനെപ്പറ്റി അന്വേഷിക്കാം.

EXPORT OF TIMBER—RESTRICTION ON

23. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) രാജ്യത്തുള്ള മരവും തടിയും അന്യദേശങ്ങളിലേക്കു് കയറ്റി അയക്കാതെ അതാതു രാജ്യങ്ങളിലെ യുദ്ധാനന്തര ഭവനനിർമ്മാണത്തിനായി വിനിയോഗിക്കുവാൻ ഇന്ത്യയിലെ സംസ്ഥാന ഗവൺമെണ്ടുകൾ നിശ്ചയിച്ചിട്ടുള്ളതായി ഗവൺമെണ്ടിനറിയാമോ ;

(ബി) കൊച്ചി ഗവൺമെണ്ടിനും അപ്രകാരമുള്ള വല്ല ഉദ്ദേശവുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇപ്രകാരം മരവും തടിയും അന്യദേശങ്ങളിലേക്കു് കയറ്റി അയക്കുന്നതിനെ തടഞ്ഞുകൊണ്ടു് ഒരു കൽപനയായ ഉത്തരവു് ഇന്ത്യയിലെ സംസ്ഥാന ഗവൺമെണ്ടുകളിൽ നിലവിലുള്ളതായി അറിവില്ല. പക്ഷെ കയറ്റുമതി ചെയ്യുന്ന വനദ്രവ്യങ്ങൾ അതാതു രാജ്യത്തെ ആവശ്യങ്ങൾക്കുള്ളതു കഴിച്ചേ അനുവദിക്കാൻ വഴിയുള്ളൂ.

(ബി) കൊച്ചിരാജ്യനിവാസികളുടെ ആവശ്യം കഴിച്ചു ബാക്കി വരുന്നതും, ഈ രാജ്യത്തു് മിക്കവാറും ഉപയോഗിക്കാറില്ലാത്തതും ആയ പാഴ്മരങ്ങൾ മാത്രമെ ഈ ഗവൺമെണ്ടു കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ബങ്കാൾ ഗവൺമെണ്ടു് പാസ്സാക്കീട്ടുള്ള നിയന്ത്രണോത്തരവു് ഹിന്ദുപത്രത്തിൽ പ്രസിദ്ധംചെയ്തിരുന്ന റിപ്പോർട്ട് ഗവൺമെണ്ടു കണ്ടിട്ടുണ്ടോ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ ഒരു റിപ്പോർട്ട് ഹിന്ദുപത്രത്തിൽ കണ്ടതായിട്ടു് ഓർക്കുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇവിടെനിന്നു മരത്തടികളുംമറ്റും കയറ്റി അയക്കുവാൻ പാടില്ലെന്നുള്ള ഉത്തരവു് ഇല്ലെന്നു പറഞ്ഞു. എന്നാൽ കയറ്റി അയക്കണമെന്നുള്ള ഉത്തരവുള്ളതായിട്ടു് അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: യുദ്ധകാലത്തു് അങ്ങിനെ അയക്കണമെന്നുണ്ടായിരുന്നു. യുദ്ധകാലം കഴിഞ്ഞതിനുശേഷം ഇപ്പോൾ ഇവിടെ ആവശ്യമുള്ള തേക്കു മുതലായ നല്ലമരങ്ങളും കയറ്റി അയക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: തേക്കു കയറ്റി അയക്കുന്നില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലെന്നാണു് അറിവു്. ഇവിടെ ആവശ്യമില്ലാത്ത പാഴ് മരങ്ങളും മാത്രമേ കയറ്റി അയക്കുന്നുള്ളൂ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പാഴ്മരങ്ങളും എന്നുപറയുമ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നതു് ഏതൊക്കെയാണു് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഏലവു്, വെള്ള അയനി മുതലായ മരങ്ങളാണു് പുറത്തേക്കു് കയറ്റി അയക്കുന്നതു്. ഇവിടെ ആവശ്യമില്ലാത്ത Soft woods കൂടുതൽ വില കിട്ടുന്നതുകൊണ്ടാണു് കയറ്റി അയക്കുന്നതു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊച്ചിരാജ്യനിവാസികളുടെ ആവശ്യം കഴിച്ചിട്ടുള്ളതാണു് പുറത്തേക്കു് കയറ്റി അയക്കുന്നതെന്നു് പറഞ്ഞു. ഈ ആവശ്യം എങ്ങിനെയാണു് നിശ്ചയിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടത്തെ ജനങ്ങളുടെ ആവശ്യത്തിനുള്ള മരങ്ങൾ കിട്ടാത്തതായിട്ടുള്ള യാതൊരു പരാതിയും ഉണ്ടായിട്ടില്ല. അതുകൊണ്ടാണു് ഇവിടത്തെ ആവശ്യം കഴിച്ചുള്ളതു മാത്രമേ കയറ്റി അയക്കുന്നുള്ളുവെന്നുപറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly